നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച് 17.50 ലക്ഷം രൂപയുടെ പുതിയകടപ്പുറം അംഗൻവാടി കെട്ടിട നിർമ്മാണം എന്നിവ താനൂർ മത്സ്യഗ്രാമത്തിൽ നടപ്പിലാക്കുന്നു.

(ബി) ആകെ അനുവദിച്ച 284 വീടുകളിൽ 261 വീടുകൾ പൂർത്തിയാക്കി. ബാക്കി 23 വീടുകൾ പൂർത്തിയാക്കാനുണ്ട്. താനൂർ മത്സ്യഗ്രാമത്തിൽ 2.00 കോടി രൂപയുടെ കുടിവെള്ള പദ്ധതി 90% പൂർത്തീകരിച്ചു. 298.00 ലക്ഷം രൂപയുടെ താനൂർ ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, 17.50 ലക്ഷം രൂപയുടെ പുതിയകടപ്പുറം അംഗൻവാടി കെട്ടിടനിർമ്മാണം എന്നിവയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു. ഉടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) താനൂർ മത്സ്യഗ്രാമപദ്ധതിയിൽ പണ്ടാരക്കടപ്പുറം പൂർണ്ണമായും പുതിയകടപ്പുറം മത്സ്യഗ്രാമത്തിന്റെ താനൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഭാഗങ്ങളും കൂടി ഉൾപ്പെട്ടിട്ടുണ്ട്.

തീരസമൃദ്ധി പദ്ധതി - പുതക്കളം ഗ്രാമപഞ്ചായത്ത്

146 (2015) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിരുന്ന തീര സമൃദ്ധി പദ്ധതിയിലെ ശേഷിച്ച ഫണ്ട് ഉപയോഗിച്ച് പുതക്കളം ഗ്രാമപഞ്ചായത്തിലെ നെല്ലേറ്റിൽ എന്ന സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ ; (ഫയൽ നമ്പർ 2116/സി2/13)

(ബി) പ്രസ്തുത നിർദ്ദേശം ലഭിച്ച് ഒരു വർഷം പിന്നിട്ടിട്ടും വാട്ടർടാങ്ക് നിർമ്മാണ ആവശ്യം പരിഗണിക്കുന്നതിലേക്ക് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) പ്രസ്തുത ടാങ്ക് നിർമ്മിക്കുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ; എങ്കിൽ ആയത് എന്താണെന്നും, അവ പരിഹരിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിരുന്നു.

(ബി&സി) തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി 2002-ൽ ഹാർബർ എഞ്ചിനീയറിംഗ് കൊല്ലം ഡിവിഷന്റെ പരിധിയിൽ 50 ലക്ഷം രൂപ അനുവദിച്ചതിൽ പരവൂരിൽ വാട്ടർ ടാങ്ക്, കുഴൽകിണർ എന്നിവ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

പരവൂർ മുനിസിപ്പാലിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 11/2012-ൽ മാത്രമാണ് പരവൂർ പൂതക്കുളത്ത് നെല്ലേറ്റിൽ കടവിന് സമീപം നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ, ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന് മുൻസിപ്പൽ അധികൃതർ അറിയിക്കുകയുണ്ടായത്. തീരസമൃദ്ധി പദ്ധതി പ്രകാരം 2002-ൽ ആണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഇക അനുവദിച്ചിരുന്നത്. ഭരണാനുമതി ലഭിച്ച് അഞ്ച് വർഷത്തിനകം പദ്ധതി നടപ്പിലാക്കേണ്ടതായിരുന്നു. തീരസമൃദ്ധി വഴി നടപ്പിലാക്കിയ പ്രവൃത്തികൾ Letter of Credit മുഖേനയാണോയെന്ന് വ്യക്തമാക്കുവാനും 50 ലക്ഷം രൂപ അനുവദിച്ചതിൽ 15 ലക്ഷം രൂപ സറണ്ടർ ചെയ്തതിനും 15.19 ലക്ഷം രൂപ ശേഷിച്ചതെങ്ങനെയെന്നും മൊത്തം തുകയിലെ ബാക്കിയായ 36,28,830 രൂപ ടി പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സറണ്ടർ ചെയ്യാത്തത് എന്തുകൊണ്ടാണെന്നുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തീരസമൃദ്ധി പദ്ധതി ഇപ്പോൾ നിലവിലില്ല.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

147 (2016) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭയിലെ ഒരു റോഡും ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിലെ പൊതു മാർക്കറ്റും നവീകരിക്കണമെന്ന് കാണിച്ച് അപേക്ഷ പ്രസ്തുത സ്ഥാപനത്തിന് ലഭിച്ചിരുന്നുവോ ; എങ്കിൽ അതിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമ പദ്ധതി, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ ജി.പി.എസ്. - വി.എച്ച്.എഫ്. സംവിധാനം, കോൾഡ് ചെയിൻ സംവിധാനം എന്നിവയാണ് പ്രധാന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly